# ദേവമാതാ കോളേജ്, കുറവിലങ്ങാട്

## 2021 ഒക്ടോബർ 4 മുതൽ വിദ്യാർത്ഥികൾ കോളേജിൽ വരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. കുട്ടികൾ ക്യാമ്പസിൽ പ്രവേശിക്കുമ്പോൾ തന്നെ ഏറ്റവുമടുത്തുള്ള ടാപ്പിൽ നിന്നും വെള്ളമെടുത്ത് സോപ്പുപയോഗിച്ച് കൈകൾ വൃത്തിയായി കഴുകുക.

2. തുടർന്ന് കോളേജിന്റെ പോർച്ചിൽ വച്ചുതന്നെ ശരീരോഷ്മാവ് പരിശോധിച്ച്, കൈകൾ സാനിറ്റൈസ് ചെയ്ത് ക്ലാസ് മുറികളിലേയ്ക്ക് പോവുക.

3. ക്യാമ്പസിലായിരിക്കുന്ന മുഴുവൻ സമയവും വിദ്യാർത്ഥികൾ സാമൂഹിക അകലം പാലിക്കേണ്ടതാണ്.

4. മൂക്കും വായും പൂർണ്ണമായി മൂടക്കത്തക്കവിധം ഡബിൾ മാസ്ക്കുകൾ ധരിക്കുക.

5. മാസ്ക്കുകൾ ക്യാമ്പസിൽ ഉപേക്ഷിച്ച് പോവുകയോ വലിച്ചെറിയുകയോ ചെയ്യരുത്.

6. കോവിഡ് ഉള്ളവരും, ക്വാറന്റൈനിലുള്ളവരും, കണ്ടയിൻമെന്റ് സോണിലുള്ളവരും കോവിഡ് രോഗലക്ഷണങ്ങളുള്ളവരും കോളേജിൽ വരാൻ പാടില്ല.

7. ക്ലാസ്സുകളിൽ ഹാജരാകുന്ന വിദ്യാർത്ഥികളുടെ അറ്റൻഡൻസ് രേഖപ്പെടുത്തുന്നതാണ്.

8. കുട്ടികൾ എല്ലാദിവസവും യൂണിഫോമും ID കാർഡും ധരിക്കണം.

9. ക്ലാസ്സ് സമയം രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.00 വരെയായിരിക്കും. ഉച്ചയ്ക്കുള്ള ഇന്റർവെൽ 35 മിനിറ്റായിരിക്കും.

10. കോവിഡ് പ്രോട്ടോക്കോൾ പ്രകാരമുള്ള സാമൂഹിക അകലം കൃത്യമായും പാലിച്ചായിരിക്കും ക്ലാസുകൾ നടത്തപ്പെടുക.

11. ബിരുദ ക്ലാസ്സുകളിൽ അഞ്ചാം സെമസ്റ്റർ വിഷയങ്ങളും ബിരുദാനന്തര ക്ലാസ്സുകളിൽ മൂന്നാം സെമസ്റ്റർ വിഷയങ്ങളും ആയിരിക്കും പഠിപ്പിക്കുക.

12. വിദ്യാർത്ഥികളുടെ വാഹനങ്ങൾ യാതൊരു കാരണവശാലും ക്യാമ്പസിനുള്ളിൽ പ്രവേശിക്കുവാൻ പാടില്ല. വാഹനങ്ങൾ അവയ്ക്കായുള്ള പാർക്കിംഗ് സ്ഥലത്ത് മാത്രം വെയ്ക്കുക.

13. ക്ലാസ്സുകളിൽ വിദ്യാർത്ഥികൾ ആദ്യാവസാനം ഒരു സീറ്റിൽ തന്നെ ഇരിക്കുക. കൂട്ടം കൂടി നിന്ന് സംസാരിക്കരുത്.

14. വിദ്യാർത്ഥികൾ ഉച്ചഭക്ഷണം കരുതുക. ഭക്ഷണം, കുടിവെള്ളം, പേന, പുസ്തകങ്ങൾ, പേപ്പറുകൾ മുതലായവ സ്വന്തമായി കരുതുക. അവ പങ്ക് വയ്ക്കാതിരിക്കുക.

15. വേയ്സ്റ്റുബക്കറ്റുകളിൽ മാത്രം വേയ്സ്റ്റ് നിക്ഷേപിക്കുക.

16. വിദ്യാർത്ഥികൾ സ്വന്തമായി ഹാൻഡ് സാനിറ്റൈസർ കരുതുന്നത് അഭികാമ്യമാണ്.

17. കോളേജ് ഓഫീസ്, ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിൽ നിയന്ത്രിത പ്രവേശനമേ ഉണ്ടായിരിക്കുകയുള്ളൂ.

18. വിദ്യാർത്ഥികൾക്ക് കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

19. ക്ലാസിനു ശേഷം വിദ്യാർഥികൾ ഉടൻ തന്നെ ക്യാമ്പസ് വിട്ട് പോകേണ്ടതാണ്; കൂട്ടം കൂടി നിന്ന് സംസാരിക്കുവാൻ പാടില്ല.

20. ക്യാമ്പസിൽ യാതൊരുവിധത്തിലുമുള്ള ആഘോഷങ്ങളും അനുവദനീയമല്ല.

21. ഹോസ്റ്റലിൽ താമസിക്കുന്നവർ അവിടെയും എല്ലാവിധ കോവിഡ് സുരക്ഷാമാനദണ്ഡങ്ങളും പാലിക്കേണ്ടതാണ്.

22. കോവിഡ് നിർവ്യാപനത്തിനായുള്ള ഉദ്യമങ്ങളിൽ ഏവരും കോളേജിനോടും പൊതുസമൂഹത്തോടും ആത്മാർത്ഥമായി സഹകരിക്കുക.

DEVA MATHA COLLEGE KURAVILANGAD

01-10-2021

പ്രിൻസിപ്പൽ